# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

10-7-2012-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6097

## അങ്കമാലി-പുറമ്പോക്ക് ഭൂമി പതിച്ചു നൽകാനുള്ള അപേക്ഷ

ചോദ്യം
ശ്രീ. ജോസ് തെറ്റയിൽ:

ഉത്തരം
ശ്രീ. മഞ്ഞളാംകുഴി അലി
(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) അങ്കമാലി വില്ലേജിലെ റീ സർവ്വെ ബ്ലോക്ക് 11 സർവ്വെ 403/1-ൽപ്പെട്ട റോഡ് പുറമ്പോക്ക് ഭൂമി പതിച്ച് നല്കണമെന്ന് ആവശ്യപ്പെട്ട് ഓടത്തുംപറമ്പിൽ ജോർജ്ജും വെറോനിക്ക ജോർജ്ജും മറ്റുള്ളവരും ചേർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ഫയൽ നമ്പർ 68596/ആർസി4/2008/തസ്വഭവ നടപടി സ്വീകരിക്കുന്നതിലെ കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവർക്കുള്ള ഭൂമി എന്ന് പതിച്ച് നല്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

(എ) & (ബി)

68596/ആർസി4/08/തസ്വഭവ വകുപ്പു നമ്പർ ഫയലിൽ പരിശോധിച്ചതിൽ, കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ 207 (2) വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായ റോഡുകളും മറ്റും ദേശീയപാതയോ സംസ്ഥാനപാതയോ മേജർ ജില്ലാ റോഡോ ആയി തരം തിരിക്കുന്നതിലേക്ക് മാത്രമാണ് സർക്കാരിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കുന്നതിന് വ്യവസ്ഥയുള്ളതെന്നും പതിച്ചു നൽകുന്നതിലേക്കായി ഇത്തരത്തിലുള്ള പുറമ്പോക്ക് ഭൂമി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കാൻ വ്യവസ്ഥയില്ല എന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അങ്കമാലി നഗരസഭയിൽ നിക്ഷിപ്തമായ അങ്കമാലി വില്ലേജ് റീ സർവ്വെ ബ്ലോക്ക് 11 സർവ്വെ 403/1-ൽപ്പെട്ട റോഡ് പുറമ്പോക്ക് ശ്രീ.വിൽസൺ, ശ്രീ.ബാബു, ശ്രീ.ജോർജ്ജ് മുതലായവർക്ക് പതിച്ചു നൽകുന്നതിനായി പുനർനിക്ഷിപ്തമാക്കാൻ നിർവാഹമില്ലെന്ന് റവന്യൂ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ